Page 1 of 1

പുരോഗതി വിലയിരുത്തി പൂർത്തീകരണ തീയതികളോട് അനുബന്ധിച്ച് ദിനംപ്രതിയുള്ള കിറ്റ് വിതരണത്തിന്റെ ശരാശരി തോത് കണക്കാക്കി ഓരോ റേഷൻ കടകളിലേയ്ക്കും ആവശ്യാനുസരണത്തിനുള്ള കിറ്റുകൾ മാത്രമാണ് ബന്ധപ്പെട്ട കേന്ദ്രങ്ങളിലൂടെ തയ്യാറാക്കി നൽകിയിട്ടുള്ളത്.

തൃശ്ശൂർ താലൂക്ക് സിറ്റി റേഷനിംഗ് ഓഫീസ്

286 (286) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രണ്ടുലക്ഷത്തി നാല്പതിനായിരത്തോളം റേഷൻ കാർഡുകൾ നിലവിലുള്ള തൃശ്ശൂർ താലൂക്ക് സപ്ലൈ ഓഫീസ് വിഭജിച്ച് സിറ്റി റേഷനിംഗ് ഓഫീസ് സ്ഥാപിക്കുന്നത് കാർഡ് ഉടമകൾക്ക് സമയബന്ധിതമായി സേവനം ലഭിക്കുന്നതിന് സഹായകരമായതിനാൽ സിറ്റി റേഷനിംഗ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാമോ?

സർക്കാരിന്റെ പരിഗണനയിലാണ്.

ഭിന്നശേഷിക്കാരായ കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ഭക്ഷ്യക്കിറ്റ്

287 (287) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പശ്ചാത്തലത്തിൽ സർക്കാർ നടത്തുന്ന ഭക്ഷ്യക്കിറ്റ് വിതരണത്തിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികളെമാത്രം പാർപ്പിക്കുന്ന സ്ഥാപനങ്ങളെ ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കാണ് സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം നടത്തിയിട്ടുള്ളത്. സാമൂഹ്യനീതി വകുപ്പ് നൽകുന്ന ക്ഷേമസ്ഥാപനങ്ങളുടെ പട്ടിക അടിസ്ഥാനപ്പെടുത്തിയാണ് കിറ്റ് വിതരണം നടത്തിയത്.

ഭക്ഷ്യക്കിറ്റ് വിതരണം

288 (288) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാലത്ത് കേരളത്തിലെ സകല കുടുംബങ്ങൾക്കും ആശ്വാസമേകിയ ഭക്ഷ്യക്കിറ്റ് വിതരണം തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly